**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29 .07. 2023

## "കൈക്കൂലി കേസിൽ മുൻ വില്ലേജ് ഓഫീസറെ വിജിലൻസ് കോടതി കഠിനതടവിന് ശിക്ഷിച്ചു"

കണ്ണൂർ ജില്ലയിലെ, പയ്യന്നൂർ വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസറായിരുന്ന കെ.എം.ബാബു 8,000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ കുറ്റക്കാരൻ ആണെന്ന് കണ്ടെത്തി തലശ്ശേരി വിജിലൻസ് കോടതി ഒരു വർഷം കഠിനതടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (29.07.2023) ശിക്ഷിച്ചു.

2010 ജൂലൈ മാസത്തിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസറായിരുന്ന കെ.എം. ബാബു, പരാതിക്കാരന്റെ സുഹൃത്തിൻറെ ഭാര്യയുടെ വക ക്വാർട്ടേഴ്സിന് മുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 2010 ജൂലൈ മാസം 19-ാം തീയതി പരാതിക്കാരന്റെ കയ്യിൽ നിന്നും 8,000/- രൂപ കൈക്കൂലി വാങ്ങവേ കണ്ണൂർ വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. ജെ. പ്രസാദ് കയ്യോടെ പിടികൂടിയതിന് രജിസ്റ്റർ ചെയ്ത് കണ്ണൂർ വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. കെ. സുനിൽ ബാബു അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസിലാണ് പ്രതിയായ കെ.എം ബാബു കുറ്റക്കാരൻ ആണെന്ന് തലശ്ശേരി വിജിലൻസ് കോടതി കണ്ടെത്തി രണ്ടു വകുപ്പുകളിലായി ഒരു വർഷം വീതം കഠിനതടവിനും, 50,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് ശിക്ഷ വിധിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. കെ. ഉഷാകുമാരി ഹാജരായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.